ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2706/13/വി.ഐ.പി./എം.ആർ.സി. തീയതി 8-11-2013 ഉത്തരവ് 8-11-2013-ൽ റവന്യൂ വകുപ്പിൽ ലഭിച്ചിരുന്നു. ഭേദഗതി ഉത്തരവ് തീയതി വരെ 7 മാസത്തെ സമയമെടുത്തിട്ടുണ്ട്. 21-11-2012-ലെ സ.ഉ. (സാധാ) നമ്പർ 6824/2012/ദു.നി.വ. നമ്പർ ഉത്തരവിലെ ക്രമനമ്പർ 46, 47 പ്രകാരം യഥാക്രമം 4 ലക്ഷം, 3 ലക്ഷം രൂപ വീതം ഭരണാനുമതി നൽകിയ പ്രവൃത്തി 30-4-2013-ലെ സ.ഉ. (സാധാ) നമ്പർ 2446/2013/ഡി.എം.ഡി. പ്രകാരം പഞ്ചായത്തിന്റെ പേര് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് 6-5-2013-ലെ സ.ഉ(സാധാ)നം.2569/2013/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം 4 ലക്ഷം, 4 ലക്ഷം എന്നീ തുകകളാക്കി മാറ്റംവരുത്തി പ്രവൃത്തികളും മാറ്റി ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ 8-11-2013-ൽ ഈ വകുപ്പിൽ ലഭ്യമായ ബഹുമാനപ്പെട്ട എം.എൽ.എ. യുടെ അപേക്ഷയിൽ വീണ്ടും പ്രവൃത്തി മാറ്റുന്നതോടൊപ്പം 3 ലക്ഷം, 4 ലക്ഷം എന്നീ രീതിയിൽ തുകയിലും വ്യത്യാസം വരുത്തുവാനാണ് ആവശ്യപ്പെട്ടിരുന്നത്. തുകയിൽവന്ന വ്യത്യാസം ക്രമപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിമൂലമാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം വന്നത്.

(സി) 25-6-2014-ലെ സ.ഉ.(ആർ.ടി.)നമ്പർ 2909/2014/ദു.നി.വ. പ്രകാരം ഭരണാനുമതി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തുപണികൾ

173 (7142) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തുപണികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുകയോ, പദ്ധതിതുകതന്നെ ലാപ്സ് ആയി പോവുകയോ ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത്, പ്രസ്തുത മരാമത്തുപ്രവൃത്തികൾ പൊതുമരാമത്തിനെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മരാമത്തുപണികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം നിലവിലില്ലാത്ത സാഹചര്യങ്ങളിൽ പണി നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD

LIBRARY ARCHIVES Kerala Legislative Assembly

(Spl. Buildings), PWD (Roads and Bridges) വിഭാഗങ്ങളെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത പണികൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ കാലതാമസം ഒഴിവാക്കുവാൻ എല്ലാ മരാമത്തു പണികളും പൊതുമരാമത്തു വകുപ്പിനെക്കൊണ്ട് നിർവ്വഹിപ്പിക്കേണ്ട ആവശ്യമില്ല.

അനധികൃത മണൽ കടത്തിന് പിഴയിനത്തിൽ ലഭിച്ച വരുമാനം

174 (7143) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി മണൽ കടത്തിയതിന് പിടികൂടിയ വാഹനങ്ങൾക്കും മറ്റുമായി പിഴയിനത്തിൽ 2013-14 വർഷത്തിൽ റവന്യൂ വകുപ്പ് മുഖേന എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2013-14 വർഷത്തിൽ അനധികൃത മണൽ എടുപ്പ് തടയുന്നതിനായി റവന്യൂ വകുപ്പിന് വന്ന ചെലവുകളും ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

മുക്കുന്നിമലയിലെ പട്ടയഭൂമിയിലെ വിവിധ പ്രവർത്തനങ്ങൾ

175 (7144) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കുന്നിമലയിൽ റബ്ബർകൃഷിക്കായി സർക്കാർ അനുവദിച്ച പട്ടയഭൂമി പട്ടയത്തിലെ നിബന്ധനകൾ ലംഘിച്ചതിനാൽ തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനകം എത്ര സെന്റ് വസ്തു ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇൻഡ്യൻ ഉപഭൂഖണ്ഡത്തിലെ തന്ത്രപ്രധാനമായ സ്ഥാനവും സതേൺ എയർ കമാന്റിന്റെ റഡാർ സ്റ്റേഷനും സ്ഥിതിചെയ്യുന്ന മുക്കുന്നിമലയിലെ പ്രസ്തുത പ്രദേശം സംരക്ഷിക്കണമെന്ന് ആഭ്യന്തരവകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ഇ) രാജ്യത്തിന്റെ സുരക്ഷയ്ക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും വെല്ലുവിളിയായേക്കാവുന്ന മുക്കുന്നിമലയിലെ പാറഖനനത്തിന് നൽകിയിട്ടുള്ള ലൈസൻസുകൾ റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly